# SSLC SOCIAL SCIENCE – 2013 (Malayalam)

1.

മറാത്തി, ഗുജറാത്തി എന്നീ ഭാഷകൾ സംസാരിക്കുന്ന ബോംബെ സംസ്ഥാനത്തേയും പഞ്ചാബിയും ഹരിയാണ്വിയും സംസാരിക്കുന്ന പഞ്ചാബിനേയും വിഭജിക്കേണ്ട ,

ഇന്ത്യയുടെ വടക്കുകിഴക്ക് ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന പല നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നു. ചൈനയുമായും മ്യാൻമാറുമായും അതിർത്തി പങ്കിടുന്ന പ്രദേശമായതിനാൽ ഇവ വടക്കു കിഴക്കൻ അതിർത്തി പ്രദേശം (North Eastern Frontier Agency-NEFA) എന്ന കേന്ദ്ര ഭരണ പ്രദേശമായി നിലനിർത്തി. അതേപോലെ മണിപ്പൂരും നാഗാലാന്റും കേന്ദ്രഭരണപ്രദേശങ്ങളാക്കി. ഈ പ്രദേശത്ത് ആസാമിനുമാത്രമായിരുന്നു സംസ്ഥാന പദവി.

2.

| മേഖലകൾ | കാലാവസ്ഥ സവിശേഷതകൾ |
|---|---|
| ഭൂമദ്ധ്യരേഖാ കാലാവസ്ഥ | • വർഷം മുഴുവൻ ഉയർന്ന താപനില<br>• ഇടിമിന്നലോടുകൂടിയ സംവഹനവൃഷ്ടി |
| മൺസൂൺ കാലാവസ്ഥ | • തണുത്ത് വരണ്ട ശൈത്യകാലം<br>• ചൂടും മഴയും ഇടവിട്ട് അനുഭവപ്പെടുന്ന വേനൽക്കാലം |
| മരുഭൂ കാലാവസ്ഥ | • കുറഞ്ഞവർഷപാതം, ശീതോഷ്ണങ്ങൾ ഏറിയുള്ള വരണ്ടകാലാവസ്ഥ |
| മിതശീതോഷ്ണപുൽ പ്രദേശങ്ങൾ | • മിതമായ മഴ, ഉയർന്ന ചൂട്, തണുപ്പ് എന്നിവ അനുഭവപ്പെടുന്നു |
| മിതശീത കാലാവസ്ഥ | • തണുപ്പ് കൂടിയതും വർഷപാതം കുറഞ്ഞതുമായ ശൈത്യകാലം |
| തുന്ദ്രമാതൃകയിലുള്ള കാലാവസ്ഥ | • തണുപ്പ് കൂടിയും, വർഷം മുഴുവൻ മഞ്ഞ് മൂടിയ പ്രദേശം |
| മെഡിറ്ററേനിയൻ കാലാവസ്ഥ | • മിതമായ തണുപ്പ്, സാമാന്യം മഴയോടുകൂടിയ ശൈത്യകാലം<br>• ചൂടുകൂടിയ വരണ്ട വേനൽക്കാലം |

3.

‘മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു; എന്നാൽ എല്ലായിടത്തും അവൻ ചങ്ങലക്കെട്ടിലാണ്’ എന്ന റൂസ്സോവിന്റെ വാക്കുകൾ ഫ്രാൻസിനെ അതിതീവ്രതയോടെ വിപ്ലവത്തിലേക്കടുപ്പിച്ചു. സമൂഹത്തിന്റെ അഭിവൃദ്ധിക്കായി ജനങ്ങൾ ഏർപ്പെട്ട ഒരു കരാറിന്റെ ഫലമാണ് രാഷ്ട്രം എന്ന് വാദിച്ച റൂസ്സോവിന്റെ ‘സാമൂഹിക ഉടമ്പടി’ (Social Contract) എന്ന ഗ്രന്ഥം ഫ്രഞ്ച് ജനതയെ ശക്തമായി സ്വാധീനിച്ചു.

4.

ജലസംഭരണികൾ നിർമ്മിക്കപ്പെടുന്നതിന്റെ ഭാഗമായി ജലത്തിനടിയിലാകുന്ന ജീവജാലങ്ങൾ ജീർണിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന മീഥേൻ പോലുള്ള ഹരിതഗൃഹവാതകങ്ങളും, ഇവ പ്രകാശസംശ്ലേഷണം നടത്തുന്നതിന്റെ ഭാഗമായി ഉപയോഗിക്കപ്പെടുമായിരുന്ന കാർബൺ ഡയോക്സൈഡിന്റെ അളവും അന്തരീക്ഷത്തിൽ വർദ്ധിക്കുന്നതിനിടയാവുന്നു. ഇത് ആഗോളതാപനം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നു.

5.

വൈവിദ്ധ്യങ്ങളെ അംഗീകരിച്ച് അവയെ ബഹുമാനിച്ച് ഇന്ത്യ ഒരു ദേശമാണെന്ന വികാരമുൾക്കൊണ്ട് ഒന്നായി മാറുന്നതാണ് ദേശീയോദ്ഗ്രഥനം.

പ്രാദേശികവാദം (Regionalism)


ജാതീയത (Casteism) ഭാഷാവാദം

വർഗ്ഗീയത (Communalism) ഭീകരവാദം

6.a


ഭൂമിയിലെ വിവിധ മർദ്ദമേഖലകൾ താഴെ കൊടുത്തിട്ടുള്ളവയാണ്:

1. മദ്ധ്യരേഖാ ന്യൂനമർദ്ദമേഖല
2. ഉപോഷ്ണ ഉച്ചമർദ്ദമേഖല (ഉത്തരാർധഗോളം)
3. ഉപധ്രുവീയ ന്യൂനമർദ്ദമേഖല (ഉത്തരാർധഗോളം)
4. ധ്രുവീയ ഉച്ചമർദ്ദമേഖല (ഉത്തരാർധഗോളം)
5. ഉപോഷ്ണ ഉച്ചമർദ്ദമേഖല (ദക്ഷിണാർധഗോളം)
6. ഉപധ്രുവീയ ന്യൂനമർദ്ദമേഖല (ദക്ഷിണാർധഗോളം)
7. ധ്രുവീയ ഉച്ചമർദ്ദമേഖല (ദക്ഷിണാർധഗോളം)




**ആഗോള മർദ്ദമേഖലകൾ**

അന്തരീക്ഷമർദ്ദത്തിലുണ്ടാകുന്ന വ്യത്യാസം അന്തരീക്ഷത്തിൽ വായുവിന്റെ തിരശ്ചീനതലത്തിലുള്ള സഞ്ചാരത്തിന് കാരണമാകുന്നു. മർദ്ദം കൂടിയ പ്രദേശത്ത് നിന്നും മർദ്ദം കുറഞ്ഞ പ്രദേശത്തേക്കുള്ള വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റുകൾ (Winds).




**സ്ഥിരവാതങ്ങൾ**

നിശ്ചിത മർദ്ദമേഖലകൾക്കിടയ്ക്ക് ഏതാണ്ട് ഒരേ ദിശയിൽ സ്ഥിരമായി വീശുന്ന കാറ്റുകളാണ് സ്ഥിരവാതങ്ങൾ. വാണിജ്യവാതങ്ങൾ, പശ്ചിമവാതങ്ങൾ, ധ്രുവീയവാതങ്ങൾ എന്നിവ സ്ഥിരവാതങ്ങളാണ്.

ആഗോള മർദ്ദമേഖലകളാണ് സ്ഥിരവാതങ്ങൾക്ക് അടിസ്ഥാനം.

**6b.**

ഉത്തരപർവ്വതമേഖലയെ ആ മേഖലയിൽ സ്ഥിതി ചെയ്യുന്ന പർവ്വതനിരകളുടെ അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

1. **ഹിമാലയൻ നിരകൾ**
   (The Himalayan Ranges)
2. **ട്രാൻസ്-ഹിമാലയൻ നിരകൾ**
   (The Trans-Himalayan Ranges)
3. **കിഴക്കൻ മലനിരകൾ/പൂർവാചൽ**
   (The Eastern Hills)

**ഹിമാലയനിരകൾ:** ഹിമാദ്രി (Himadri/Great Himalayas), ഹിമാചൽ (Himachal/Middle or Lesser Himalayas), സിവാലിക് (Siwalik/Outer Himalayas) എന്നിവ ഉൾപ്പെട്ട മേഖലയാണ് ഹിമാലയനിരകൾ.

**ട്രാൻസ്-ഹിമാലയൻ നിരകൾ:**
ജമ്മുകാശ്മീരിന്റെ വടക്കും വടക്ക് കിഴക്കുമായി സ്ഥിതി ചെയ്യുന്ന പർവ്വതമേഖലയാണ് ട്രാൻസ്-ഹിമാലയം. കാരക്കോറം, ലഡാക്ക്, സസ്ക്കർ എന്നീ പർവ്വതനിരകൾ ഉൾപ്പെട്ടതാണ് ഈ മേഖല. കാരക്കോറം പർവ്വതനിരകളിലെ മൗണ്ട് $K_2$ (Mt : $K_2$) അഥവാ ഗോഡ്‌വിൻ ആസ്റ്റിൻ (Godwin Austin) ആണ് ഇന്ത്യയിലെ ഏറ്റവും ഉയരമേറിയ (8661 മീറ്റർ) കൊടുമുടി. ശരാശരി 3000 മീറ്ററിന് മുകളിൽ ഉയരമുള്ള പർവ്വതനിരകളിൽ നിരവധി ഹിമാനികളും ഇടുങ്ങിയതും ആഴമേറിയതുമായ താഴ്‌വരകളും (ഗിരികന്ദരങ്ങൾ) ചുരങ്ങളും കാണപ്പെടുന്നു.

**കിഴക്കൻ മലനിരകൾ:**

മേഘാലയയിലെ ഖാസി, ഗാരോ, ജയന്തിയ കുന്നുകളും മിസോറാമിലെ മിസോകുന്ന്, നാഗാലാന്റിലെ നാഗാ, പാട്കൈബം കുന്നുകൾ എന്നിവയും ഉൾപ്പെട്ടതാണ് ഉത്തരപർവ്വതമേഖലയിലെ കിഴക്കൻ മലനിരകൾ അഥവാ പൂർവ്വാചൽ. ഈ മേഖലയ്ക്ക് ശരാശരി 900 മീറ്ററിന് താഴെമാത്രം ഉയരമുള്ളതിനാലാണ് മലനിരകൾ എന്നറിയപ്പെടുന്നത്. നിമ്നോന്നതമായ ഭൂപ്രകൃതിയും നിബിഡവനങ്ങളും നിറഞ്ഞ പ്രദേശമാണിത്. ലോകത്തിൽ ഏറ്റവും അധികം മഴ ലഭിക്കുന്ന ഈ മേഖലയിൽ നിന്നും നിരവധി അരുവികൾ ഉത്ഭവിച്ചൊഴുകുന്നുണ്ട്.

**7.** വനം പരിസ്ഥിതി മന്ത്രാലയം
മലിനീകരണ നിയന്ത്രണ ബോർഡുകൾ

8. **ഐക്യരാഷ്ട്രസംഘടന – ലക്ഷ്യങ്ങൾ**

- മനുഷ്യാവകാശങ്ങളും ചെറുതും വലുതുമെന്ന വ്യത്യാസമില്ലാതെ രാജ്യങ്ങളുടെ അവകാശങ്ങളും ഊട്ടി ഉറപ്പിക്കുക.
- സാമൂഹ്യപുരോഗതിക്കും ഉയർന്ന ജീവിതനിലവാരം ആർജ്ജിക്കുന്നതിനും രൂപപ്പെടുത്തുന്ന കരാറുകളെയും അന്തർദേശീയ നിയമങ്ങളെയും ബഹുമാനിക്കുന്ന സാഹചര്യം സൃഷ്ടിക്കുക.
- അയൽരാജ്യങ്ങൾ തമ്മിൽ സഹിഷ്ണുതയിലും സമാധാനത്തിലും അധിഷ്ഠിതമായ ബന്ധം വളർത്തുക.
- ലോകസമാധാനത്തിനും സുരക്ഷിതത്വത്തിനുമായി ഒരുമിക്കുക.
- ലോകജനതയുടെ പൊതുതാൽപ്പര്യത്തിനായല്ലാതെ സായുധസേനയെ ഉപയോഗിക്കില്ല എന്ന് ഉറപ്പുവരുത്തുക.
- മനുഷ്യരാശിയുടെ മുഴുവൻ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്കായി അന്തർദേശീയ സംവിധാനങ്ങളെ ഉപയോഗിക്കുക.

10. കാലാവസ്ഥ ഭൂപ്രകൃതി
മണ്ണ് ജലലഭ്യത
ജലസേചനസൗകര്യങ്ങൾ ധാതുക്കളുടെ നിക്ഷേപം
ഗതാഗത വാർത്താവിനിമയസൗകര്യങ്ങൾ

9.

1921-ൽ ലെനിൻ പുത്തൻ സാമ്പത്തിക നയം (New Economic Policy) നടപ്പിലാക്കി. ഇതിൻപ്രകാരം കർഷകർക്ക് ഇഷ്ടമുള്ള ധാന്യം കൃഷിചെയ്യാനും ഉല്പന്നങ്ങൾ പൊതുകമ്പോളത്തിൽ വില്ക്കാനും സ്വാതന്ത്ര്യം നൽകി. തൊഴിലാളികൾക്ക് വേതനം പണമായി കൊടുത്തു. സ്വകാര്യമേഖലയിൽ ചില വ്യവസായങ്ങൾ അനുവദിച്ചു. റഷ്യയുടെ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കുന്നതിന് ഈ നടപടികൾ സഹായിച്ചു.

11.

സോവിയറ്റ് യൂണിയന്റെ തകർച്ച ലോകത്തെ അമ്പരിപ്പിക്കുന്നതായിരുന്നു. മുതലാളിത്തത്തിനെതിരായ സോഷ്യലിസ്റ്റ് ബദലിന് നേതൃത്വം നൽകിയ സോവിയറ്റ് യൂണിയൻ 1991-ൽ ശിഥിലമായി. സോഷ്യലിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നു വ്യതിചലിച്ചത് സോവിയറ്റ് യൂണിയന്റെ തകർച്ചക്കിടയാക്കി. ആഗോളവൽക്കരണത്തിന്റെ ഭാഗമായുള്ള ബാഹ്യഇടപെടലുകൾ സോവിയറ്റ് യൂണിയനെ തളർത്തി. 1985-ൽ അധികാരത്തിലെത്തിയ മിഖായേൽ ഗോർബച്ചേവ് തുടങ്ങിവച്ച പരിഷ്കാരങ്ങൾ സോവിയറ്റ് യൂണിയനെ മുതലാളിത്ത പാതയിലേക്കടുപ്പിച്ചു. ഇത് പാർട്ടിയിലും ഗവൺമെന്റിലും ആഭ്യന്തര പ്രശ്നങ്ങളും ഭരണത്തിൽ അഴിമതിയും വളർന്നുവരുവാൻ കാരണമായി.
1991 ഡിസംബർ 25-ന് ഗോർബച്ചേവ് പ്രസിഡന്റ് സ്ഥാനം രാജിവെച്ചതോടെ സോവിയറ്റ് യൂണിയൻ ഔപചാരികമായി ഇല്ലാതായി.

**12. സ്റ്റീരിയോസ്കോപ്പ്**

തുടർച്ച നിലനിർത്തുന്നതിനും സ്റ്റീരിയോസ്കോപ്പിന്റെ സഹായത്താൽ ത്രിമാനതലവീക്ഷണം ലഭ്യമാക്കുന്നതിനും വേണ്ടി ഓരോ ആകാശീയ ചിത്രങ്ങളിലും തൊട്ടടുത്തുള്ള ചിത്രങ്ങളിലെ ഏകദേശം 60 ശതമാനത്തോളം ഭാഗം കൂടി പകർത്തിയെടുക്കാറുണ്ട്. ഇതാണ് ആകാശീയ ചിത്രങ്ങളിലെ ഓവർലാപ്.

15.

കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവർ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഉദാഹരണമാണ്. ഇവരുടെ ജോലി സമയത്തിന് ക്ലിപ്തതയില്ല. കൂലി ലഭിക്കുന്നതോ സംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരേക്കാൾ വളരെ കുറവുമാണ്.

13.

ഇന്ത്യയിൽ ഭരണത്തിലുണ്ടായിരുന്ന മുഗൾഭരണകൂടം പതിനെട്ടാം നൂറ്റാണ്ടിൽ ദുർബലമായി. അതുപോലെതന്നെ മറ്റു നാട്ടുരാജ്യങ്ങളും ദുർബലമായിരുന്നു. അന്യോന്യം രാഷ്ട്രീയമായി കലഹിച്ചിരുന്ന കൊച്ചുരാജ്യങ്ങൾ, സാമ്പത്തികവും സാമൂഹികവുമായ ജീർണത, പൊതുവെയുള്ള അരക്ഷിതാവസ്ഥ ഇതൊക്കെ അന്നത്തെ ഇന്ത്യയുടെ മുഖമുദ്രയായിരുന്നു. ഈ അവസരം മുതലാക്കി ഇന്ത്യയിൽ കച്ചവടത്തിനായി വന്ന യൂറോപ്യൻമാർ തങ്ങളുടെ നില കൂടുതൽ ഭദ്രമാക്കാൻ തുടങ്ങി. ഇതിനായി അവർ ഈ ഭരണകൂടങ്ങളുടെ ആഭ്യന്തര രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടു.

14.

**തീരപ്രദേശങ്ങളിലെ മണ്ണിനങ്ങൾ**

ഇന്ത്യയുടെ തീരപ്രദേശങ്ങളിലെ പ്രധാന മണ്ണിനങ്ങളാണ് ചെങ്കൽമണ്ണ്, ലാറ്ററൈറ്റ്, എക്കൽമണ്ണ്, ചുവന്നമണ്ണ് എന്നിവ. കൊങ്കൺ, വടക്കൻ മലബാർ എന്നീ തീരപ്രദേശങ്ങളിലെ പ്രധാന മണ്ണിനം ലാറ്ററൈറ്റും കോറമാൻഡൽ തീരപ്രദേശത്തെ പ്രധാന മണ്ണിനം എക്കൽ മണ്ണുമാണ്. കേരളത്തിന്റെ തെക്കൻ തീരപ്രദേശത്തും മഹാരാഷ്ട്ര തീരപ്രദേശത്തും ചുവന്നമണ്ണ് കൂടുതലായി കാണപ്പെടുന്നു.

16. രാഷ്ട്രീയ സ്വാതന്ത്ര്യം     രാഷ്ട്രീയ അവബോധം
വിദ്യാഭ്യാസം     സ്വതന്ത്രമാധ്യമങ്ങൾ

17.

| | |
|---|---|
| ചാൾസ് ഡാർവിൻ | പരിണാമസിദ്ധാന്തം |
| മാക് സ് പ്ലാങ്ക് | ക്വാണ്ടംബലതന്ത്രം |
| ആൽബർട്ട് ഐൻസ്റ്റീൻ | ആപേക്ഷികസിദ്ധാന്തം |

19. **എക് സൈസ് ഡ്യൂട്ടി:** ഒരു വസ്തു നികുതിയാണ്. വസ്തുക്കളുടെ ഉത്പാദനത്തിലാണ് ഈ നികുതി ചുമത്തുന്നത്

**കസ്റ്റംസ് തീരുവ:** വസ്തുക്കളുടെ ഇറക്കുമതിയിലോ കയറ്റുമതിയിലോ ചുമത്തുന്ന നികുതിയാണിത്.

18.

ജലഗതാഗതമാർഗ്ഗങ്ങളെ ഉൾനാടൻ ജലഗതാഗതമെന്നും സമുദ്രജലഗതാഗതമെന്നും തരംതിരിച്ചിരിക്കുന്നു. കായൽ, നദി തുടങ്ങിയ ജലാശയങ്ങളിലൂടെയുള്ള ഗതാഗതത്തെയാണ് ഉൾനാടൻ ജലഗതാഗതമെന്ന് അറിയപ്പെടുന്നത്. ഗംഗ-ബ്രഹ്മപുത്ര നദികളും അവയുടെ പോഷകനദികളും ഗോദാവരി, കൃഷ്ണ നദികൾ, അവയുടെ കനാലുകൾ, ആന്ധ്രാ-തമിഴ്നാട് എന്നിവിടങ്ങളിലെ ബക്കിംഗ്ഹാം കനാൽ, ഗോവയിലെ മണ്ഡോവി, സുവാരി നദികൾ, കേരളത്തിലെ കായലുകൾ എന്നിവിടങ്ങളിലാണ് ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്.

20a.

തിരുവിതാംകൂർ പ്രദേശത്തെ ചാന്നാർ ജനവിഭാഗത്തിന്റെ അവശതകൾക്ക് അറുതി വരുത്താൻ നേതൃത്വം നൽകിയ വൈകുണ്ഠസ്വാമിയുടെ പ്രവർത്തനം ഇതിൽ എടുത്തുപറയേണ്ടതാണ്.

അബ്രാഹ്മണജാതികളുടെ ഉയർത്തെഴുന്നേൽപ്പിന് ആശയത്തിന്റെ പടച്ചട്ട നൽകുന്നതിനു ശ്രമിച്ചവരിൽ പ്രമുഖനാണ് ചട്ടമ്പിസ്വാമികൾ.

കേരളീയനവോത്ഥാനത്തിന്റെ മുഖ്യശിൽപ്പികളിലൊരാളാണ് ശ്രീനാരായണഗുരു. സങ്കീർണമായ ജാതിവ്യവസ്ഥയുടെയും അന്ധവിശ്വാസത്തിലധിഷ്ഠിതമായ ആരാധനാക്രമങ്ങളുടെയും തടവറയിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കാനായിരുന്നു അദ്ദേഹം ശ്രമിച്ചത്. സംഘടിച്ച് ശക്തരാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും ഗുരു ഉപദേശിച്ചു. ഇരുപതാം നൂറ്റാണ്ടിൽ കേരളം കൈവരിച്ച സാമൂഹ്യ-സാംസ്കാരിക-സാഹിത്യ-രാഷ്ട്രീയ മേഖലകളിലൊക്കെയും ഉണ്ടായ നേട്ടങ്ങളുടെ വേരുകൾ ചെന്നെത്തുക ശ്രീനാരായണ ഗുരുവിലാണ്. അയ്യങ്കാളി, വക്കം അബ്ദുൽഖാദർ മൗലവി, കുമാരഗുരുദേവൻ തുടങ്ങി ഒട്ടേറെ നവോത്ഥാനനായകരുടെ ആശയങ്ങളും പ്രവർത്തനങ്ങളും ആധുനിക കേരള സമൂഹത്തിന്റെ പിറവിക്ക് കാരണമായി.

20b

മഹാത്മാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വസ്ഥാനത്ത് വന്നതോടെ രാജ്യത്താകമാനം ദേശീയപ്രസ്ഥാനത്തിന് ഉണർവും ഉന്മേഷവും കൈവന്നു. അക്രമരഹിതനിസ്സഹകരണമാർഗ്ഗത്തിലൂടെ സകലജനവിഭാഗങ്ങളെയും ബ്രിട്ടീഷുകാർക്കെതിരെ അണിനിരത്താൻ മഹാത്മാഗാന്ധിക്ക് സാധിച്ചു. ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഒരേ കൊടിക്കീഴിൽ അണിനിരത്താൻ ഖിലാഫത്ത് പ്രസ്ഥാനംവഴി അദ്ദേഹം ശ്രമിച്ചു. കേരളത്തിൽ മലബാറിൽ മാത്രമായിരുന്നു ആദ്യഘട്ടത്തിൽ കോൺഗ്രസ് പ്രവർത്തനം സജീവമായിരുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനത്തിൽവച്ച് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാനും നാട്ടുരാജ്യങ്ങളെക്കൂടി സംസ്ഥാനപരിധിയിലുൾപ്പെടുത്താനും എടുത്ത തീരുമാനം മുഴുവൻ പ്രദേശങ്ങളെയും ഏകോപിപ്പിക്കുന്നതിന് സഹായകമായി.

1921 ഏപ്രിലിൽ ഒറ്റപ്പാലത്ത് അഖില കേരള കോൺഗ്രസ് സമ്മേളനം ചേർന്നു. മലബാർ-കൊച്ചി-തിരുവിതാംകൂർ പ്രദേശക്കാർ കേരളീയരെന്ന നിലയ്ക്ക് ഒന്നിച്ചുകൂടിയത് സമ്മേളനത്തിന്റെ പ്രത്യേകതയാണ്. കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനത്തിന്റെ തീരുമാനങ്ങളെ കേരളത്തിലെ പ്രവർത്തകർ സ്വാഗതം ചെയ്തു. ബ്രിട്ടീഷ് ഗവൺമെന്റ് നടത്തുന്ന വിദ്യാലയങ്ങളിലോ ഗവൺമെന്റ് ഗ്രാന്റ് സ്വീകരിക്കുന്ന വിദ്യാലയങ്ങളിലോ കുട്ടികളെ ചേർക്കരുതെന്ന് രക്ഷിതാക്കളോടഭ്യർത്ഥിക്കുന്നതായിരുന്നു നാഗ്പൂർ സമ്മേളനത്തിലെ ഒരു തീരുമാനം

21.

കർഷകർക്കും കൈത്തൊഴിലുകാർക്കും ചെറുകിട വ്യവസായികൾക്കും ആവശ്യമായ സാമ്പത്തിക

ഗ്രാമീണ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക

സ്വയംസഹായവും പരസ്പരസഹായവും ചെയ്യുവാനുള്ള മനോഭാവം വളർത്തുക

ഗ്രാമീണനിക്ഷേപം വികസിപ്പിക്കുക

സാമൂഹ്യ പുരോഗതിക്ക് പ്രാധാന്യം നൽകുക

22.

സ്വാതന്ത്ര്യത്തിനും സ്വൈര്യജീവിതത്തിനും വേണ്ടി അമേരിക്കയിലേക്ക് കുടിയേറിയവരെ കോളനിഭരണത്തിലൂടെ നിയന്ത്രിക്കാൻ ബ്രിട്ടൺ ശ്രമിച്ചു. ഇത് കോളനിവാഴ്ചയിൽ നിന്നു സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ അമേരിക്കയിലെ കോളനിവാസികളെ പ്രേരിപ്പിച്ചു. അവരുടെ പ്രതിനിധികൾ ഫിലഡൽഫിയയിൽ സമ്മേളിച്ച് 1776 ജൂലായിൽ കോളനികളുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഇതോടനുബന്ധിച്ച് അമേരിക്കൻ ഐക്യനാടുകളിൽ നിലവിൽവന്ന ഭരണഘടന യൂറോപ്പിൽ നിന്നും കുടിയേറിയ അമേരിക്കക്കാരുടെ മനുഷ്യാവകാശങ്ങൾക്ക് പരിരക്ഷ നൽകി.

ഏകാധിപതിയായ ഫ്രഞ്ച് ഭരണാധികാരി ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റ് പിരിച്ചുവിടുകയും ജനങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്തു. അതേത്തുടർന്ന് 1789-ൽ സാധാരണ ജനങ്ങളുടെ നേതൃത്വത്തിൽ ഫ്രാൻസിലെ ദേശീയ അസംബ്ലി ചേർന്ന് മനുഷ്യാവകാശ പ്രഖ്യാപനത്തിന് രൂപം നൽകി. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിത്തറയായി വർത്തിച്ച സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ മനുഷ്യസ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഭരണഘടനകൾക്ക് രൂപം നല്കാൻ ലോകരാഷ്ട്രങ്ങൾക്ക് പ്രചോദനമായി.

23.

| | |
|---|---|
| ജർമ്മനി | മാർട്ടിൻ ലൂഥർ |
| സ്വിറ്റ്സർലണ്ട് | ഉൾറിക് സ്വിംഗ്ളി |
| ഇംഗ്ളണ്ട് | ഹെൻറി എട്ടാമൻ |
| ഫ്രാൻസ് | ജോൺ കാൽവിൻ |

24.

- അന്താരാഷ്ട്ര സംഘടനകളും അന്താരാഷ്ട്ര കരാറുകളും - WTO, IMF, World Bank, സ്വതന്ത്ര വ്യാപാര കരാറുകൾ
- ബഹുരാഷ്ട്ര കമ്പനികൾ - വിദേശ മൂലധന നിക്ഷേപം
- വിവരസാങ്കേതിക രംഗത്തുണ്ടായ വളർച്ച, കൈമാറ്റം - ഇന്റർനെറ്റ്
- വാർത്താവിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ - ടി.വി. മൊബൈൽ ഫോൺ
- ഗതാഗത രംഗത്തുണ്ടായ മാറ്റങ്ങൾ - ജെറ്റ് വിമാനം, കണ്ടെയിനർ കപ്പൽ